AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 139/2018 11.07.2018

# സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കർമ്മസേനയും ബ്ലോക്കുകളിൽ അഗ്രോസർവീസ് സെന്ററുകളും രൂപീകരിക്കും : കൃഷിമന്ത്രി

അടുത്ത രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കാർഷികകർമ്മസേനയും അതുപോലെ എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവീസ് സെന്ററുകളും രൂപീകരിക്കുന്നതായിരിക്കുമെന്ന് കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പറഞ്ഞു. തിരുവനന്തപുരം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ച കാർഷിക സേവന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.എൽ.എ. ബി. സത്യൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം എല്ലാ കൃഷിയിടങ്ങളിലും ലഭ്യമാക്കുന്നതിനും ശാസ്ത്രീയകൃഷി രീതി പരിചയപ്പെടുത്തി, കൃഷിവ്യാപിപ്പിച്ച് ഭക്ഷ്യ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് ജനങ്ങളെ സഹായിക്കുന്നതിനും വേണ്ടിയാണ് കർമ്മസേനകളും അഗ്രോസർവീസ് സെന്ററുകളും ആരംഭിക്കുന്നതെന്ന് കൃഷിമന്ത്രി ഉദ്ഘാടനസമ്മേളനത്തിൽ സൂചിപ്പിച്ചു. ഈ വർഷം 200 കർമ്മസേനകളാണ് സംസ്ഥാനത്ത് പല പഞ്ചായത്തുകളിലായി അനുവദിച്ചിട്ടുള്ളത്. 10 ലക്ഷം രൂപയാണ് ഒരു കർമ്മസേനയ്ക്ക് ധനസഹായമായി നൽകുന്നത്. ഇതിൽ 9 ലക്ഷം രൂപയും പലതരത്തിലുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുവേണ്ടിയാണ്. എല്ലാ മേഖലകളിലും പരിശീലനം നൽകി വൈദഗദ്ധ്യമുള്ള തൊഴിലാളികളെ കാർഷികമേഖലയിൽ സൃഷ്ടിച്ചെടുക്കും. ഇതു കൂടാതെ 20 അഗ്രോ സർവീസ് സെന്ററുകളും ഈ വർഷം ആരംഭിക്കുന്നുണ്ട്. ബ്ലോക്ക് തലത്തിലുള്ള അഗ്രോ സർവീസ് സെന്ററുകൾക്കായിരിക്കും കീഴിലുള്ള കർമ്മസേനകളുടെ ചുമതല. സംസ്ഥാനതലത്തിൽ ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനായി അഗ്രികൾച്ചർ മെക്കനൈസേഷൻ മിഷൻ രൂപീകരിച്ചിട്ടുള്ളതായും മന്ത്രി അറിയിച്ചു. രണ്ട് വർഷത്തിനുള്ളിൽ എല്ലാ കൃഷിഭവനുകളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളായി ഉയർത്തുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ പോലെ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിൽ എല്ലാവിധ സേവനങ്ങളും ലഭ്യമാകുന്നതുമായിരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ശാസ്ത്രീയ ജൈവകൃഷി പ്രോത്സാഹനത്തിനായി 900 ജൈവക്ലസ്റ്ററുകൾ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയുടെ കീഴിൽ ഈ വർഷം പ്രവർത്തനമാരംഭിക്കും. 50 ഹെക്ടർ വീതമുള്ള ഓരോ ക്ലസ്റ്ററുകളിലും നല്ല കൃഷിസമ്പ്രദായങ്ങൾ ഉപയോഗിച്ചുള്ള കൃഷിയായിരിക്കും നടപ്പിലാക്കുക. ഓരോ പഞ്ചായത്തിലും ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിനായി എക്കോഷോപ്പുകൾ ആരംഭിക്കുന്നതായിരിക്കും. കിളിമാനൂരിൽ ഈ വർഷം തന്നെ ഒരു എക്കോഷോപ്പും അനുവദിക്കുമെന്നും പുതുതായി ആരംഭിച്ച അഗ്രോസെന്ററിന് ഒരു കമ്പൈൻഡ് ഹാർവെസ്റ്ററും അനുവദിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചു.

ചടങ്ങിൽ കാർഷിക വികസന കേന്ദ്രം ഉത്പാദിപ്പിച്ച പച്ചക്കറി തൈകളുടെയും ജൈവകീടനാശിനികളുടെയും വിതരണോദ്ഘാടനം മന്ത്രി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. സുഭാഷിന് നൽകിക്കൊണ്ട് നിർവഹിച്ചു. കാർഷിക കർമ്മസേനയിലെ അംഗങ്ങൾക്കുള്ള യൂണിഫോമിന്റെ വിതരണം എം.പി. ഡോ. സമ്പത്ത് നിർവഹിച്ചു.

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീജാ ഷൈജുദേവ് ചടങ്ങിന് സ്വാഗതം പറഞ്ഞു. ബ്ലോക്കിനു കീഴിലെ വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി ആർ. പ്രസാദ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുധാറാണി എസ്. എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone:** 0471 2317314